(സി) നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) സാമ്പത്തിക പ്രതിസന്ധിയില്ലാത്തതിനാൽ ഈ ചോദ്യത്തിനു പ്രസക്തിയില്ല.

(സി) ഇപ്പോൾ സാമ്പത്തിക പ്രതിസന്ധി നിലവില്ലായെങ്കിലും മുൻകരുതലെന്ന നിലയിലാണ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ റവന്യൂ കമ്മി

7 (339) ശ്രീ. ഉമ്മൻ ചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1990-91ലും 1995-96ലും സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി എത്ര വീതമായിരുന്നു;

(ബി) 1999-2000 സാമ്പത്തിക വർഷം റവന്യൂ കമ്മി എത്രയാണ്;

(സി) 2000-01 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ റവന്യൂ കമ്മി എത്രയാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്;

(ഡി) റവന്യൂ കമ്മി ക്രമാതീതമായി വർദ്ധിക്കുന്നതിന്റെ കാരണങ്ങൾ എന്താണ്;

(ഇ) റവന്യൂ കമ്മി കുറച്ചു കൊണ്ട് വരുന്നതിന് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(എഫ്)ശമ്പളം, പെൻഷൻ, പലിശ എന്നീ മൂന്നിനങ്ങളിൽ ആയി 1999-2000 ൽ എത്ര രൂപ ചെലവായി എന്നു വ്യക്തമാക്കാമോ;

(ജി) 2000-2001 സാമ്പത്തിക വർഷത്തിൽ ഈ മൂന്നിനങ്ങളിൽ എത്ര രൂപ ചെലവാകുമെന്നാണ് കണക്കാക്കുന്നത്;

(എച്ച്)സംസ്ഥാനത്തിന്റെ വരുമാനം 1999-2000 വർഷത്തിൽ എത്ര ആയിരുന്നുവെന്ന് ഈ സാമ്പത്തിക വർഷം എത്ര രൂപ വരുമാനം പ്രതീക്ഷിക്കുന്നുവെന്നും വ്യക്തമാക്കാമോ;

(ഐ) ഈ ഗവൺമെന്റിന്റെ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും പ്രഖ്യാപിച്ച എ.ആർ.എം. എത്ര വീതമായിരുന്നു എന്നും എത്ര വീതം സമാഹരിച്ചു എന്നും വ്യക്തമാക്കാമോ;

(ജെ) എ.ആർ.എം ന്റെ ലക്ഷ്യം നേടിയില്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ;

(കെ) ഈ വർഷം എ.ആർ.എം എത്രയാണ് പ്രതീക്ഷിക്കുന്നത് എന്നും എത്ര സമാഹരിക്കുവാൻ സാധിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1990-91 - 422.02 കോടി രൂപ

1995-96 - 402.81 കോടി രൂപ

(ബി) 3624.21 കോടി രൂപ

(സി) 2000-01 ൽ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ റവന്യൂ കമ്മി 1951.42 കോടി രൂപയാകുമെന്ന് കണക്കാക്കുന്നു.

(ഡി) പൊതുവായിട്ടുള്ള സാമ്പത്തിക മാന്ദ്യം മൂലം വരുമാനത്തിൽ വന്ന കുറവും ശമ്പളം, പെൻഷൻ മറ്റു സാമൂഹ്യ സുരക്ഷാ പദ്ധതികൾ എന്നീ ചെലവിനങ്ങളിൽ വന്ന വർദ്ധനവും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി അടങ്കലിന്റെ 40% ഗ്രാന്റായി നൽകുന്നത് മൂലവുമാണ് റവന്യൂ കമ്മി വർദ്ധിക്കുന്നത്.

(ഇ) റവന്യൂ കമ്മി പരമാവധി കുറക്കുന്നതിനുവേണ്ടി നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും ചെലവ് ചുരുക്കുന്നതിനു മുള്ള വിവിധ നടപടികൾ സർക്കാർ കൈകൊണ്ടിട്ടുണ്ട്. വിൽപ്പന നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും വിവിധ വകുപ്പുകളിലെ നികുതിയിതര വരുമാനം വർദ്ധിപ്പിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വ്യയനിയ ന്ത്രണം ഫലപ്രദമാക്കുന്നതിനുവേണ്ടി മുമ്പ് ഉണ്ടായിരുന്ന നിയന്ത്രങ്ങൾക്ക് പുറമെ വളരെ കർശനമായ അധിക നിയന്ത്രണങ്ങൾക്ക് പുറമെ വളരെ കർശ നമായ അധിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(എഫ്) ശമ്പളം - 4401. 39 കോടി രൂപ
പെൻഷൻ - 1808.29 കോടി രൂപ
പലിശ - 1952.27 കോടി രൂപ
ആകെ - 8161.95 കോടി രൂപ

(ജി) ശമ്പളം 4710.59 കോടി
പെൻഷൻ 1635.96 കോടി
പലിശ 1926.41 കോടി
8272.96 കോടി

(എച്ച്) 1999-2000 ത്തിൽ 7941.75 കോടി രൂപ ഈ സാമ്പത്തിക വർഷം 10170.35 കോടി രൂപ വരുമാനം പ്രതീക്ഷിക്കുന്നു.

(ഐ)	പ്രഖ്യാപിച്ചത്	സമാഹരിച്ചത്
1997-98	215.70	112.66
1998-99	317.00	150.69
1999-2000	396.55	130.42

(ജെ) പൊതുവായ സാമ്പത്തിക മാന്ദ്യവും നോൺ ടാക്സ് റവന്യൂ ഇനങ്ങളിൽ പ്രതീക്ഷിച്ച അധികവരുമാനം ലഭിക്കാത്തതുമാണ് ലക്ഷ്യം നേടാൻ കഴിയാത്തതിനു കാരണം

(കെ) 108.10 കോടി രൂപ പ്രതീക്ഷിക്കുന്നു. ഈ മുഴുവൻ തുകയും സമാഹരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly